**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1152** **14-03-2022 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമാണത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ സ്കൂളിന്റെ ഭാഗങ്ങൾ പുനർനിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പുതുവേലി സർക്കാർ ഹയർസെക്കന്ററി സ്കൂളിന്റെ ഭാഗങ്ങൾ പൊളിച്ച മാറ്റിയ വകയിൽ സ്കൂളിന്റെ ഗേറ്റും മതിലും കെട്ടിടഭാഗങ്ങളും പുനർ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ചെങ്ങന്നൂർ - ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ കെട്ടിടം, റീട്ടെയിനിംഗ് വാൾ, കോമ്പൗണ്ട് വാൾ, പടിപ്പുര എന്നിവ ഉൾപ്പെട്ട വർക്ക് ടെണ്ടർ ചെയ്ത് ഒരു കോൺട്രാക്ടർ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ബൗണ്ടറി ഡീമാർക്കേഷൻ മൂലം താമസം നേരിടേണ്ടി വന്നതിനാൽ ബാക്കി പണികൾ ചെയ്യുന്നതിൽ നിന്നും ഒഴിവായിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ബാക്കി വരുന്ന തുക ഉപയോഗിച്ച് ടി പ്രവൃത്തിയുടെ ബാക്കി ഭാഗങ്ങളുടെ നിർമ്മാണം നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ആദ്യത്തെ പ്രവൃത്തിയുടെ കോൺട്രാക്ടർ closure agreement വച്ച് പ്രവൃത്തിയിൽ നിന്നും പൂർണ്ണമായി ഒഴിഞ്ഞിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും CE/BL/84418/2021 പ്രകാരം കെ.എസ്.ടി.പി.ക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ നിന്നും CE/BL/84418/2021 പ്രകാരം കെ.എസ്.റ്റി.പി.ക്ക് എസ്റ്റിമേറ്റ് ഒന്നും സമർപ്പിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്കൂളിന്റെ പൊളിച്ച മാറ്റിയ ഭാഗങ്ങൾ തിരികെ നിർമ്മിച്ച് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ആദ്യത്തെ കരാറുകാരൻ ക്ലോഷർ എഗ്രിമെന്റ് വെച്ച് പ്രവൃത്തിയിൽ നിന്നും ഒഴിഞ്ഞാൽ ഉടൻതന്നെ ബാലൻസ് തുകയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ